Endorse to all AOs & ADAs.



നം. റ്റി.ക്യൂ.(1) 35515/2019

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,
തിരുവനന്തപുരം, തീയതി: 08.11.2019.

ഡയറക്ടർ,
കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,
തിരുവനന്തപുരം.

TA (2)

എല്ലാ DD (E&T) മാർക്കും

സർ,

വിഷയം: കീടനാശിനി ലൈസൻസ് അപേക്ഷയിലെ Principal Certificate -ൽ ശ്രദ്ധിക്കേണ്ടത നിബന്ധനകൾ - സംബന്ധിച്ച്.

സൂചന: കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റ്റി.എ.(4) 5909/19, തീയതി: 31.08.2019 -ലെ അപേക്ഷ.

26/11

**** ****

കീടനാശിനി ഉല്പാദന വിതരണവുമായി ബന്ധപ്പെട്ട് ഈ ഓഫീസിൽ ലഭിക്കുന്ന അപേക്ഷയോടൊപ്പം ലഭിക്കുന്ന പ്രിൻസിപ്പൽ സർട്ടിഫിക്കറ്റിൽ നിരവധി അപാകതകളാണ് കാണുന്നത്. ആയതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. താഴെ പറയുന്ന വിവരങ്ങൾ ശ്രദ്ധിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

a) കീടനാശിനി ഉല്പാദന കമ്പനികൾക്ക് മാത്രമാണ് PC നൽകുന്നതിനുള്ള അധികാരം.

b) Principal Certificate നിർദ്ദിഷ്ട ഫോറത്തിൽ ഉള്ളതും എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയതുമായവ മാത്രം സ്വീകരിയ്ക്കേണ്ടതാണ്.

c) Principal Certificate പ്രകാരം ബന്ധപ്പെട്ട ഡീലറിനെ പ്രസ്തുത കമ്പനിയുടെ ഉത്പ്പന്നങ്ങൾ കേരളത്തിൽ വിതരണം ചെയ്യാൻ ചുമതലപ്പെടുത്തിയിരിക്കണം.

d) Principal Certificate പ്രകാരം dealer ക്ക് വിപണനത്തിന് നൽകുന്ന കീടനാശിനികൾ ആരിൽ നിന്നും എടുക്കും എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ഒന്നുകിൽ ഡീലർക്ക് കമ്പനിയിൽ നിന്നും നേരിട്ട് എടുക്കാം അല്ലെങ്കിൽ കമ്പനിയുടെ കേരളത്തിലെ authorized whole sale distributers -ന്റെ ലൈസൻസിന്റെ പകർപ്പ് retail ലൈസൻസിൽ അപേക്ഷിക്കുമ്പോൾ ആവശ്യപ്പെടാവുന്നതും അതിൽ ഉൾപ്പെട്ട കീടനാശിനികൾ മാത്രമെ Principal Certificate പ്രകാരം retail license അപേക്ഷിക്കുമ്പോൾ ഉൾപ്പെടുത്തുവാൻ പാടുള്ളൂ.

e) Principal Certificate-ൽ Validity നിർബന്ധമായും ഉണ്ടായിരിക്കണം. അതനുസരിച്ച് മാത്രമേ ലൈസൻസിൽ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള വാലിഡിറ്റി രേഖപ്പെടുത്തി ലൈസൻസ് നൽകാൻ സാധിക്കു.

f) Principal Certificate -ൽ കമ്പനിയുടെ authorized person -ന്റെ ഒപ്പും സീലും ഉണ്ടായിരിയ്ക്കേണ്ടതാണ്.

g) Principal Certificate -ൽ ഉൾപ്പെടുത്തിയിരിക്കുന്ന കീടനാശിനികളിൽ കേരളത്തിൽ നിരോധിച്ചവ ഉണ്ടെങ്കിൽ അവ ഒഴിവാക്കി മാത്രമെ റീട്ടെയിൽ ലൈസൻസ് നൽകാവൂ.

h) കേരളത്തിൽ ഉപയോഗം നിയന്ത്രിച്ച കീടനാശിനികൾ 'R' എന്ന് രേഖപ്പെടുത്തി വേണം റീട്ടെയിൽ ലൈസൻസ് നൽകാൻ. കൂടാതെ കൃഷി ഓഫീസറുടെ കുറിപ്പടിയോടു കൂടി മാത്രം വിൽക്കാൻ പാടുള്ളൂ എന്ന നിബന്ധനയും ലൈസൻസിൽ ഉൾപ്പെടുത്തേണ്ടതാണ്.

ടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ Principal Certificate -കൾ ചേർത്ത് നൽകുന്ന ലൈസൻസ് അപേക്ഷകൾ മാത്രം സ്വീകരിയ്ക്കേണ്ടതാണെന്ന വിവരം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു

വിശ്വസ്തതയോടെ,

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടർക്ക് വേണ്ടി.

DIRECTORATE OF AGRICULTURE
VIKAS BHAVAN TRIVANDRUM

കീഴെഴുത്ത് നം. ടിഎ (2) 6670/19, തീയതി 27/11/2019

കത്തിന്റെ പകർപ്പ് എല്ലാ കൃഷി ഓഫീസർമാർക്കും കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും തുടർ നടപടികൾക്കായി അയക്കുന്നു

AVN 14.11.2019 Thu

27/11/2019

കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ.ടി)
പ്രിൻസിപ്പൽ കൃഷി ഓഫീസ്
കണ്ണൂർ - 670 002